# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997, 2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 18-11-2013

## കെ എസ് ടി എ സമരസന്ദേശ ജാഥ ഇന്ന് പര്യടനം തുടരും

കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസം തകർക്കുന്ന നയങ്ങൾക്കും പാഠ്യപദ്ധതി അട്ടിമറിക്കുന്നതിനുമെതിരെ നവംബർ 23 ന് കെ എസ് ടി എ നടത്തുന്ന സെക്രട്ടേറിയേറ്റ് മാർച്ചിന്റെ മുന്നോടിയായുള്ള സമരസന്ദേശ ജാഥ ജില്ല ഇന്ന് (19-11-2013) ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ പര്യടനം തുടരും. ജനറൽ സെക്രട്ടറി എം ഷാജഹാൻ നയിക്കുന്ന തെക്കൻമേഖലാ ജാഥ ആലപ്പുഴ ജില്ലയിലും പ്രസിഡന്റ് കെ എൻ സുകുമാരൻ നയിക്കുന്ന വടക്കൻ മേഖലാ ജഥ കോഴിക്കോട് ജില്ലയിലും ഇന്ന് പര്യടനം നടത്തും.

ആലപ്പുഴ ജില്ലയിലെ ജാഥ ചെങ്ങന്നൂർ, മാവേലിക്കര, ഹരിപ്പാട്, എടത്വ, അമ്പലപ്പുഴ, എന്നിവിടങ്ങളിലെ സ്വീകരണത്തിന് ശേഷം തെക്കൻ മേഖലാജാഥ ചേർത്തലയിൽ സമാപിക്കും. കോഴിക്കോട് ജില്ലയിൽ പര്യടനം നടത്തുന്ന വടക്കൻമേഖലാ ജാഥ വടകര, പേരാമ്പ്ര, കൊയിലാണ്ടി, താമരശ്ശേരി, മെഡിക്കൽ കോളേജ്, ഫറോക്ക്, സിറ്റി, എന്നിവിടങ്ങളിലെ സ്വീകരണത്തിന് ശേഷം മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ സമാപിക്കും. കെ എസ് ടി എ കലാവേദിയുടെ ആഭിമുഖ്യത്തിലുള്ള കലാജാഥയും ജാഥയോടൊപ്പം സഞ്ചരിക്കുന്നുണ്ട്.

ഹർത്താൽമൂലം മാറ്റവെച്ച പത്തനംതിട്ട, വയനാട് ജില്ലകളിലെ ജാഥാപര്യടനം ജില്ലാകമ്മിറ്റികളുടെ നേതൃത്വത്തിൽ നവംബർ 21 ന് നടക്കും.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി